# പതിനഞ്ച് നോമ്പിലെ ശുശ്രൂഷക്രമം

പട്ടക്കാരൻ. പിതാവിനും പുത്രനും ..........................
ജനം. ബലഹീനരും പാപികളുമായ

### ആരംഭ പ്രാർത്ഥന

**പട്ടക്കാരൻ.** ലോകഇമ്പങ്ങളെ ഒക്കെ വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച സർവ്വ നന്മകളാലും അലങ്കരിക്കപ്പെട്ടിരുന്നതിനാൽ നിന്റെ പ്രീയപുത്രനായ യേശുമ്ശിഹായുടെ മാതാവായി വിശുദ്ധ കന്യകാ മറിയാമിനെ തിരഞ്ഞെടുത്ത പിതാവായ ദൈവമേ, ഞങ്ങളുടെ നോമ്പും നമസ്ക്കാരവും നീ കൈകൊള്ളേണമേ. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിപ്പാനും സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ വലതുഭാഗത്ത് മ്ശിഹാ ഇരിക്കുന്നിടത്തുള്ള മേലായ കാര്യങ്ങളെ സദാ ചിന്തിപ്പാനും, എല്ലാവരുടേയും പ്രവൃത്തികൾ പരിശോധിക്കപ്പെടുന്ന ആ ഭയങ്കര നാളിൽ ഞങ്ങളുടെ നമസ്ക്കാരങ്ങൾ കുറ്റത്തിനും ശിക്ഷാവിധിക്കുമായി തീരാതെ കൃപകൾക്കും പാപമോചനത്തിനുമായി തീരുവാനും കൃപ ചെയ്യേണമേ.

**ജനം.** ആമ്മീൻ

അതിന്റെ ശേഷം --ാം മസുമൂറ്

### പ്രോമ്യോൻ

**പട്ടക്കാരൻ.** നാമെല്ലാവരും പ്രാർത്ഥിച്ച്........................

**ജനം.** അനുഗ്രഹിക്കുന്നവനായ കർത്താവേ .........................

**പട്ടക്കാരൻ.** സ്തുതിയും സ്തോത്രവും

തന്നെ വഹിച്ച ശുദ്ധമുള്ളവളെ പരിശുദ്ധമാകുംവണ്ണം ശുദ്ധീകരിച്ച പരിശുദ്ധനും, തന്നെ പ്രസവിച്ച കന്യകയെ ശ്രേഷ്ടമാകും വണ്ണം ഐശര്യപ്പെടുത്തിയ വലിയവനും, തന്നെ മുലകുടിപ്പിച്ച വെടിപ്പുള്ളവളെ ധാവള്യമാക്കുംവണ്ണം വെടിപ്പാക്കിയ വെടിപ്പുള്ള സോപ്പായും, തന്നെ താലോലിച്ചിട്ടുള്ള ശ്രേഷ്ട യുവതിയെ ശ്രേയസ്ക്കരമാക്കുംവണ്ണം ശ്രേഷ്ടപ്പെടുത്തിയ ശ്രേഷ്ഠവാനും, തന്നെ ആഘോഷിച്ചിട്ടുള്ള മഹത്വമുള്ളവളെ മഹത്വപ്പെടുത്തിയ മഹത്വകരീക്കപ്പെട്ടവനുമായ തനിക്ക് ഈ നേരത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും സമയങ്ങളിലും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.............

**ജനം.** ആമ്മീൻ.

### സെദറാ

**പട്ടക്കാരൻ.** സകലത്തിന്റേയും ഉടയവനും വലിയ ദൈവവും യേശുമ്ശിഹായായ ഞങ്ങളുടെ രക്ഷകനും ആയുള്ളോവേ, ഞങ്ങളുടെ അടുക്കലേക്കുള്ള നിന്റെ എഴുന്നെള്ളത്തിനായി മേലിന്നടുത്ത അത്യുന്നത്തെ ചായിക്കുകയും നിന്റെ സാരാംശത്തെ തിരുവിഷ്ടത്തോടെ മനുഷ്യാവതാരത്തിനായി താഴ്ത്തുകയും മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി താഴായ്മയുടെ മാതൃകയെ നീ കാണിക്കുകയും ചെയ്തു. പരിശുദ്ധ റൂഹായാൽ മുമ്പെ തന്നെ ശുദ്ധീകരിക്കപ്പെട്ടിരുന്നവളുമായ കന്യകയുടെ ഗർഭപാത്രത്തിൽ നീ ആവസിച്ചു. വിശുദ്ധിയുള്ളവളും സകലത്തിലും മഹത്വീകരിക്കപ്പെട്ടിരിക്കുന്നവളും വാസ്തവത്തിൽ ദൈവമാതാവും കറയില്ലാത്തവളും ഉന്നതപ്പെട്ടിരുന്നവളുമായ മാലിന്യം കൂടാത്ത മറിയാം എന്ന കന്യക നിന്റെ മാതാവായി തീരുകയും ചെയ്തു. മേലിനടുത്ത സൈന്യങ്ങളുടെ തല

വനായ ഗബ്രിയേൽ നിന്ന് ദൈവീക സമാധാനത്തെ അവൾ സ്വീകരിച്ചു. അവൻ അവളോട് ‘കർത്താവ് നിന്നോട് കൂടെ, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, നിന്നിൽ നിന്ന് അവൻ ഉദിക്കും’ എന്നു പറഞ്ഞു. അവൾ മഹത്വത്തിന്റെ രഥമായി തീർന്ന ആകാശത്തിന്റേയും ഭൂമിയുടേയും ഉടയവനെ അവളുടെ കൈകളിൽ ആഘോഷിച്ചു. അവൾ സകലത്തിന്റേയും ഉടയവനെ പ്രസവിച്ചു. ദൈവീക രഹസ്യങ്ങൾക്ക് ശുശ്രൂഷിച്ചിട്ടുള്ള ദീർഘദർശിമാരാൽ ദൈവമാതാവ് എന്ന് അവർ വിളിക്കപ്പെട്ടിരുന്നു. മാനുഷീയ സ്വഭാവത്തിൽ നിന്ന് അവൾ എത്രയും യോഗ്യതയുള്ളവൾ ആകുന്നു. അവളിൽ നിന്ന് ജനിച്ച ശിശു ദൈവത്തിന്റെ അടുക്കൽ പരിപൂർണ്ണത നേടിയിരിക്കുന്നവനാകുന്നു. തന്റെ താഴ്മ നിമിത്തം അവളിൽ നിന്ന് ജഡം ധരിക്കുകയും, ഞങ്ങൾക്കു വേ ി മനുഷ്യനും ശിശുവുമായി തീരുകയും ചെയ്ത കർത്താവേ, രഹസ്യവും പരസ്യവുമായ സകല പ്രതികൂലങ്ങളിൽ നിന്നും യുദ്ധങ്ങളിൽ നിന്നും ഞങ്ങളുടെ വർഗ്ഗത്തെ നീ സൂക്ഷിച്ചു കൊള്ളേണമേ. കർത്താവേ, ഞങ്ങളുടെ സത്യവിശ്വാസത്തിനായി ധൈര്യത്തെ നീ സൌജന്യമായി നൽകേണമേ. ഇവയോടു കൂടെ ഞങ്ങളുടെ പെരുമാറ്റത്തിൽ സന്തുഷ്ടിയുള്ള കാലങ്ങളാൽ ഞങ്ങളെ പുലർത്തേണമേ. വഞ്ചന കൂടാത്ത സ്നേഹത്തിൽ വർത്തിക്കുന്നവരായും പൈശാചിക വഞ്ചനകൾക്കു അന്യൻമാരായും ഞങ്ങളെ ക്രമപ്പെടുത്തേണമേ. ആത്മാവിന്റേയും ശരീരത്തിന്റേയും ഞെരുക്കത്തിൽ ഇരിക്കുന്നവർക്കും അശുദ്ധാത്മാവിന്റെ വിഷമതയിൽ ഇരിക്കുന്ന എല്ലാവർക്കും പരിപൂർണ്ണ സൗഖ്യം കൊടുക്കേണമേ. എല്ലാവരേയും സഹായിക്കുകയും എല്ലാവരിലും ജീവൻ ഊതുകയും ചെയ്യേണമേ. വിശുദ്ധ കന്യകാമറിയാമ്മിന്റെ ഓർമ്മയുടെ ഈ ദിവസത്തിൽ ഞങ്ങളെ പാപമോചനത്തിനു യോഗ്യതയുള്ളവരാക്കി സാത്താന്റെ പലവിധമായ പരീക്ഷകളിൽ നിന്നും ലോകത്തിന്റെ നാശകരമായ കണികകളിൽ നിന്നും കാത്തുകൊള്ളേണമേ. സൽപ്രവർത്തികളാലും നന്മയെ സ്നേഹിക്കുകയും ദുഷ്ടതയെ വെറുക്കുകയും ചെയ്യുന്ന മനസ്സാലെയും ഞങ്ങളുടെ ആത്മാക്കളെ പുഷ്ട്പ്പെടുത്തേണമേ. നിനക്കും നീ മുഖാന്തിരവും നിന്നോടു കൂടെയും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതി കരേറ്റുന്നു. ഹാശാ..........................

**ജനം.** ആമ്മീൻ

## എത്രാ

**പട്ടക്കാരൻ.** ലോകത്തിന്റെ സന്തോഷത്തെ ഗർഭം ധരിക്കുകയും, സ്രഷ്ടികളുടെ രക്ഷിതാവിനെ പ്രസവിക്കുകയും, വംശങ്ങളെ പുലർത്തുന്നവനെ മുല കുടിപ്പിക്കുകയും, ശ്രേഷ്ടതയുടെ ഉടയവനെ വളർത്തുകയും, ഭൂതലത്തെ വഹിച്ചിരിക്കുന്നവനെ വഹിക്കുകയും, മഹത്വത്തിന്റെ രാജാവിനെ താലോലിക്കുകയും ചെയ്തിച്ചുള്ള കന്യക വിസ്മയക്കപ്പെടത്തക്കവളാകുന്നു. അവളിൽ നിന്ന് ജനിച്ച് ശിശുവായുള്ളോവേ, നിന്റെ സമാധാനത്താൽ സൃഷ്ടികളെ സന്തോഷിപ്പിക്കുകയും, സഭകളെ യോജിപ്പാൽ ആനന്ദിപ്പിക്കുകയും നിന്റെ കൃപയാൽ ഞങ്ങളിൽ നിന്ന് ശിഷ്യകളെ അകറ്റി കളയുകയും, നിന്റെ ദയയാൽ കോപത്തിന്റെ വടികളെ നീക്കി കളയുകയും, നിന്റെ കരുണയാൽ ഞങ്ങളുടെ ആത്മാക്കളെ രക്ഷിച്ചു ജീവിക്കുകയും ചെയ്യേണമേ. നിന്റെ സ്തുതിക്കായി ഞങ്ങളുടെ വായ്കളെ തുറക്കുകയും, സ്തോത്രത്തിനായി ഞങ്ങളുടെ നാവുകളുടെ കെട്ടുകളെ അഴിക്കുകയും, നിന്റെ പുകഴ്ച്ചയ്ക്കായി ഞങ്ങളുടെ കിന്നരത്തെ ഒരുക്കുകയും ചെയ്യേണമേ. സദോക്കിനെ പോലെ ഞങ്ങൾ മഹത്വപ്പെടുവാനായി ഞങ്ങളുടെ കൈകളിൽ നിന്ന് നിന്റെ കരുണയാൽ ഈ സുഗന്ധ ധൂപത്തെ സ്വീകരിക്കേണമേ. നിനക്കു യോഗ്യമായ പ്രകാരം നിന്നെ ഞങ്ങൾ പുകഴ്ത്തുകയും ന്യായമായ പ്രകാരം നിന്നെ ഞങ്ങൾ പ്രാബല്യപ്പെടുത്തുകയും ചെയ്യുമാറാകേണമേ. നിനക്ക് സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും ഞങ്ങൾ കരേറ്റുന്നു.

**ജനം.** ആമ്മീൻ

**വായന:**

അതിനു ശേഷം ലുത്തീനിയാ 'ദീർഘ ദർശിമാരുടേയും ശ്ലീഹന്മാരുടേയും...............

അതിന്റെ ശേഷം മാലാകമാരുടെ സ്തുതി 'പാപികളും ബലഹീനരുമാം'..................

അതിന്റെ ശേഷം 'മോറാൻ യേശുമ്ശിഹാ'എന്നുള്ള അപേക്ഷയും കൗമ്മായും

## വിശ്വാസപ്രമാണം

## ഹുത്താമ്മാ

**പട്ടക്കാരൻ**. തന്നെ പ്രസവിച്ചവളുടെ അപേക്ഷയെ സ്വീകരിച്ചവനും, തന്നെ മുലകുടിപ്പിച്ചവളുടെ ആഗ്രഹത്തെ നിവർത്തിച്ചവനും, തന്നെ വഹിച്ചവളുടെ ആത്മാവിനെ ആശ്വസിപ്പിച്ചവനുമായ നമ്മുടെ ദൈവമായ മ്ശിഹാ കർത്താവ് നമ്മുടെ പ്രാർത്ഥനകളെ സ്വീകരിക്കുകയും നമ്മുടെ അപേക്ഷകളെ ചെവികൊള്ളുകയും നമ്മുടെ കടങ്ങളെ പരിഹരിക്കുകയും, തന്റെ ജനകന്റെയും തന്റെ വിശുദ്ധ റൂഹായുടേയും സ്നേഹത്താൽ നമ്മുടെ പിഴകളെ ക്ഷമിക്കുകയും ചെയ്യുമാറാകട്ടെ.

**ജനം**. ആമ്മീൻ